# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5349** **05.07.2012- ൽ മറുപടിക്ക്**

## ഇന്റഗ്രേറ്റഡ് പവർലൂം യൂണിറ്റുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.വി.ശശി | | ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്ത് എത്ര ഇന്റഗ്രേറ്റഡ് പവർലൂം യൂണിറ്റുകൾ സ്ഥാപിച്ചുവെന്നും അവയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്നും വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് 6 ഇന്റഗ്രേറ്റഡ് പവർലൂം സഹകരണ സംഘങ്ങളാണ് സ്ഥാപിച്ചിട്ടുള്ളത്. ഇവയുടെ ഇപ്പോഴത്തെ അവസ്ഥ താഴെപ്പറയുന്നു. |

1. **നെയ്യാറ്റിൻകര താലൂക്ക് ഇന്റഗ്രേറ്റഡ് പവ്വർലൂം വില്ലേജ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ്.**

ഈ സൊസൈറ്റി 07.12.1996-ൽ രജിസ്റ്റർ ചെയ്ത് 07.01.2003 -ൽ പ്രവർത്തനം ആരംഭിച്ചു. 200 പവ്വർലൂമുകളാണ് ഇവിടെ സ്ഥാപിച്ചിട്ടുള്ളത്. അതിൽ 2 ഷിഫ്റ്റുകളിലായി 26 പവ്വർലൂമുകളാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്.

2. **കോട്ടയം ഇന്റഗ്രേറ്റഡ് പവ്വർലൂം ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ്**

ഈ സൊസൈറ്റി 06.06.1996-ൽ രജിസ്റ്റർ ചെയ്ത് 02.07.2002-ൽ പ്രവർത്തനം ആരംഭിച്ചു. ഇവിടെ 232 പവർലൂമുകളാണ് സ്ഥാപിച്ചിട്ടുള്ളത്. ഒരു ഷിഫ്റ്റിൽ 80 പവ്വർലൂമുകൾ മാത്രമാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്.

3. **പരവൂർ ഇന്റഗ്രേറ്റഡ് പവ്വർലൂം ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ്**

ഈ സൊസൈറ്റി കഴിഞ്ഞ 10 വർഷത്തിലധികമായി പൂട്ടിക്കിടക്കുകയാണ്.

4. **കേരള ഹൈടെക് വീവിംഗ് & ഗാർമെന്റ് കോ-ഓപ്പറേറ്റീവ് മിൽസ് ലിമിറ്റഡ് (കെൽടെക്സ്)**

ഈ സൊസൈറ്റി 15.2.1996-ൽ രജിസ്റ്റർ ചെയ്ത് 01.03.2006-ൽ പ്രവർത്തനം ആരംഭിച്ചു. ഇവിടെ 6 ഇംപോർട്ടഡ് ഷട്ടിൽലെസ് റാപ്പിയർ ലൂമുകളാണ് സ്ഥാപിച്ചിട്ടുള്ളത്. ഇപ്പോൾ മുഴുവൻ ലൂമുകളും 3 ഷിഫ്റ്റുകളിലും പ്രർത്തിക്കുന്നുണ്ട്.

5. **കാലിക്കറ്റ് ഇന്റഗ്രേറ്റഡ് പവ്വർ ലൂം ഇൻഡസ്ട്രിയൽ കോ- ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ്**

ഈ സൊസൈറ്റി 13.03.1998-ൽ രജിസ്റ്റർ ചെയ്ത് 03.09.2001-ൽ പ്രവർത്തനം ആരംഭിച്ചു. ഇവിടെ 40 സെമി ഓട്ടോമാറ്റിക് ലൂമുകളും 10 റാപ്പിയർ ലൂമുകളുമാണ് സ്ഥാപിച്ചിട്ടുള്ളത്. ഇപ്പോൾ ഇവിടെ 2 ഷിഫ്റ്റുകളിലായി 46 ലൂമുകൾ പ്രവർത്തിക്കുന്നുണ്ട്.

6. **വയനാട് ഹാന്റ് ലൂം പവർലൂം & മൾട്ടിപർപ്പസ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ്**

ഈ സൊസൈറ്റി 13.1.1999-ൽ രജിസ്റ്റർ ചെയ്ത് 03.03.2001-ൽ പ്രവർത്തനം ആരംഭിച്ചു. ഇവിടെ 40 പവ്വർലൂമുകളും 20 സെമി ഓട്ടോമേറ്റിക് ലൂമുകളും 30 ഹാന്റ് ലൂമുകളുമാണ് സ്ഥാപിച്ചിട്ടുള്ളത്. ഇവിടെ 1 ഷിഫ്റ്റ് മാത്രമേ പ്രവർത്തിക്കുന്നുള്ളൂ. ഒരു ഷിഫ്റ്റിൽ 20 പവ്വർലൂമുകളും 10 സെമി ഓട്ടോമേറ്റിക് ലൂമുകളും 10 ഹാന്റ് ലൂമുകളും പ്രവർത്തിക്കുന്നു.

| | |
|---|---|
| (ബി) കോട്ടയം ഇന്റഗ്രേറ്റഡ് പവർലൂം യൂണിറ്റിന്റെ നവീകരണത്തിന് വേണ്ടി നീക്കിവച്ച 22 കോടി രൂപ ഏതെല്ലാം സ്രോതസ്സുകളിൽ നിന്നും ലഭ്യമാക്കാനാണ് സർക്കാർ ലക്ഷ്യമിട്ടതെന്ന് വ്യക്തമാക്കാമോ; | (ബി) കോട്ടയം ഇന്റഗ്രേറ്റഡ് പവർലൂം യൂണിറ്റിന്റെ നവീകരണത്തിന് വേണ്ടി നീക്കിവച്ച 22 കോടി രൂപയുടെ പ്രോജക്ട് റിപ്പോർട്ടിനു പകരം സൊസൈറ്റിയുടെ നവീകരണ പ്രവർത്തനങ്ങൾക്കായി വിശദമായ പ്രോജക്ട് റിപ്പോർട്ട് സർക്കാർ ആവശ്യപ്പെടുകയുണ്ടായി. തുടർന്ന് 13.65 കോടി രൂപയുടെ ഒരു പുതുക്കിയ വിശദമായ പ്രോജക്ട് റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചു. ഇതിൽ ആകെ തുകയുടെ |

| | | | |
|---|---|---|---|
| | | | 60% സർക്കാർ ഷെയർ ക്യാപിറ്റലായും 40% ടേം ലോണായും സമാഹരിക്കാനാണ് വിഭാവനം ചെയ്യുന്നത്. ഇതിന്റെ തുടർച്ചയായി നവീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി 2 കോടി രൂപ സൊസൈറ്റിക്ക് അനുവദിച്ചിട്ടുണ്ട്. നവീകരണ പ്രവർത്തനങ്ങൾക്കു വേണ്ട നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| (സി) | ഇതേ മാതൃകയിൽ സംസ്ഥാനത്താരംഭിച്ച ഇന്റഗ്രേറ്റഡ് പവർലൂം സൊസൈറ്റികളെയെല്ലാം നവീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | ഇന്റഗ്രേറ്റഡ് പവർലൂം സൊസൈറ്റികളെയെല്ലാം നവീകരിക്കുന്നതിന് സൊസൈറ്റികളിൽ നിന്നും വിശദമായ പ്രോജക്ട് റിപ്പോർട്ട് ലഭ്യമായാൽ പരിശോധിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**